# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4783 14.11.2019 ൽ മറുപടിക്ക്**

## നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ. ആൻസലൻ | ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) 2019-20-ലെ പൊതു ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ഏതൊക്കെ പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയതെന്ന് വിശദമാക്കുമോ; ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കുമോ; ഭരണാനുമതി നൽകാൻ പരിഗണനയിൽ ഉള്ള പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദീകരിക്കുമോ; | എ) പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗത്തിൻ കീഴിൽ 2019-20-ലെ പൊതു ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ഉച്ചക്കട- പൊഴിയൂർ റോഡ് കി.മീ 0/000 മുതൽ 2/200 വരെയുള്ള പ്രവൃത്തിക്ക് 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് സാങ്കേതികാനുമതി നൽകുകയും ചെയ്തു. ടി പ്രവൃത്തി ടെണ്ടർ ചെയ്തു. 29.10.2019-ൽ ദർഘാസുകൾ സമർപ്പിക്കുന്ന അവസാന ദിവസത്തിൽ ആരും തന്നെ ഇല്ലായിരുന്നതിനാൽ 06.11.2019 വരെ ദർഘാസുകൾ സമർപ്പിക്കാനുള്ള അവസാന തീയതി നീട്ടി കൊടുത്തിട്ടും ആരും തന്നെ ദർഘാസുകൾ സമർപ്പിച്ചിട്ടില്ല. തുടർന്ന് റീ ടെണ്ടർ ചെയ്യാനുള്ള നടപടി സൂപ്രണ്ടിംഗ് എഞ്ചിനീയർ നിരത്തുകൾ, ദക്ഷിണ മേഖല കാര്യാലയത്തിൽ നടന്നു വരുന്നു.<br><br>കെട്ടിടവിഭാഗത്തിൻ കീഴിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾക്കൊന്നും തന്നെ പൂർണ്ണമായി ഭരണാനുമതി നൽകിയിട്ടില്ല. ഭരണാനുമതി നൽകാൻ പരിഗണനയിൽ ഉള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br><br>1. നെയ്യാറ്റിൻകര പൊതുമരാമത്ത് വകുപ്പ് കോംപ്ലക്സിന്റെ നിർമ്മാണം -5 കോടി രൂപ<br><br>2. നെയ്യാറ്റിൻകര ഗവ.പോളിടെക്നിക്കിന്റെ പുതിയ |

| | | | |
|---|---|---|---|
| | | | അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണം -3.5 കോടി രൂപ. |
| ബി) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2018-19-ൽ അനുവദിച്ച പൊതുമരാമത്തു പ്രവൃത്തികളിൽ ടെൻഡർ നടപടി പൂർത്തികരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | ബി) | പൊതുമരാമത്ത് നിരത്തുകൾ വിഭാഗത്തിൻ കീഴിൽ 2018-19ൽ അംഗീകാരം ലഭിച്ച 2 ബഡ്ജറ്റ് വർക്കുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയായി. നബാർഡ് വർക്കിന്റെ ടെണ്ടർ നടപടി പൂർത്തിയാക്കി വരുന്നു. 13 എസ്.എൽ.റ്റി.എഫ് പ്രവൃത്തികളിൽ 13 പ്രവൃത്തികളുടെയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൻ കീഴിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ഗവ.യു.പി.സ്കൂൾ, പൊഴിയൂർ - 100 ലക്ഷം രൂപ<br><br>2. ഗവ.ഐ.റ്റി.ഐ മര്യാപുരം കാർപെന്റർ ബ്ലോക്ക് & കമ്പ്യൂട്ടർ ബ്ലോക്ക്- 113 ലക്ഷം രൂപ.<br><br>3. റൂഫിംഗ് വർക്ക് - ഗവ.ടി.എച്ച്.എസ്, കുളത്തൂർ- 11.53 ലക്ഷം രൂപ<br><br>പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിനു കീഴിൽ 2018-19ൽ അനുവദിച്ച മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ